# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6239** — **10.07.2012 ൽ മറുപടിക്ക്**

## പാർട്ട്-ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ: | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) കോഴിക്കോട് ജില്ലയിൽ ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ ലൈബ്രേറിയൻ, ശിശുമന്ദിരം ടീച്ചർമാർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ശ്രീമതി മിനി തുടങ്ങിയവർ ചേർന്ന് നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; റഫറൻസ് നമ്പർ 809/VIP/ 2011(MP&SW) തീയതി 14-11-2011)<br>(ബി) സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ഇവരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ശ്രീമതി.മിനി മുതൽപേർ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം സർക്കാരിന്റെ പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ, ശിശുമന്ദിരം ടീച്ചർമാർ, ആയമാർ എന്നീ ജീവനക്കാരെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭിക്കേണ്ടതുണ്ടെന്ന് കണ്ടതിനാൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ